**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2197**
**05.02.2018 ൽ മറുപടി നൽകേണ്ടത്**

## ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ

**ചോദ്യം**
ശ്രീ. അടൂർ പ്രകാശ്

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമപെൻഷൻ അനുവദിക്കുന്നതിൽ പുതിയ എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ട് വരുവാൻ തീരുമാനിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.4 ലക്ഷം പേരുണ്ട്. സമൂഹത്തിലെ താഴെത്തട്ടിലുള്ള നിർദ്ധനരായ വ്യക്തികളെ ഉദ്ദേശിച്ചുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹർക്ക് ലഭിക്കുന്നു എന്ന് സർക്കാരിൽ ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ഒരു പരിശോധന നടത്താൻ സർക്കാർ ആലോചിക്കുന്നു. |
| (ബി) | നിലവിൽ ക്ഷേമ പെൻഷന് അർഹരാകുന്നതിന് വാർഷിക വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ ; | സാമൂഹ്യ നീതി വകുപ്പിന്റെ 20/06/2014 തീയതിയിലെ സ ഉ (എം എസ് ) 52/2014/സാക്ഷേവ പ്രകാരം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | 1500 ചതുരശ്ര അടിയ്ക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർ ,ആദായ നികുതി നൽകുന്നവരോടൊപ്പം താമസിക്കുന്നവർ ,1200 സിസി യിൽ കൂടുതൽ യന്ത്ര ശേഷിയുള്ള കാറുകൾ ഉള്ളവർ എന്നിവരെ ക്ഷേമ പെൻഷൻ പട്ടികയിൽനിന്നും ഒഴിവാക്കാൻ ആലോചനയുണ്ടോ; | ഇത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | അനർഹർ പെൻഷൻ വാങ്ങുന്നത് കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സർവ്വെ നടത്തുന്നതിന് ഗിഫ്റ്റിനെ ( ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ) ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിലേക്ക് സർവ്വെ നടത്തുന്നതിന് ഗിഫ്റ്റ് (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ) മുഖാന്തിരം ഒരു സർവ്വേ നടത്തുന്നതിന് സർക്കാർ ആലോചിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ